21000069

# MALAYALAM

*Maximum Marks : 80*

*Time Allotted : Three Hours*

*Reading Time : Additional Fifteen Minutes*

## Instructions to Candidates

1. You are allowed an **additional fifteen minutes** for **only** reading the question paper.
2. You must **NOT** start writing during reading time.
3. This question paper has **11 printed pages and one blank page**.
4. It is divided into **two sections : Section A and Section B**.
5. It has **fifteen questions** in all.
6. **Section A** has **three questions**. All questions are compulsory.
7. While attempting **Multiple Choice Questions** in Section A, you are required to **write only ONE option as the answer**.
8. **Section B** has **twelve questions**. You are required to attempt **any four** questions in this section on **any three** out of the four prescribed textbooks.
9. The intended marks for questions are given in brackets [ ].

## Instruction to Supervising Examiner

1. Kindly read **aloud** the Instructions given above to all the candidates present in the examination hall.

SEAL


© Copyright reserved.

# SECTION - A

## LANGUAGE - 40 MARKS

**Question 1** **[15]**

**Write a composition in approximately 400 words in Malayalam on any ONE of the topics given below.**

**താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി 400 വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക.**

(i) പഠനത്തോടൊപ്പം കലാകായിക മേഖലകളിലും മികവുപുലർത്തിയാൽ ഭാവിയിൽ ആ രംഗത്തും മികച്ച അവസരങ്ങൾ ലഭിക്കും. ഉപന്യസിക്കുക.

(ii) 'ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട'. എന്നാണ് ചൊല്ല്. നിങ്ങളുടെ ഏറ്റവും അടുത്ത സുഹൃത്ത് ആരാണെന്നും ആ സൗഹൃദം ഇരുക്കൂട്ടർക്കും എങ്ങനെയെല്ലാം സ്വാധീനം ചെലുത്തുന്നുണ്ടെന്നും വിശദമാക്കുക.

(iii) ദൃശ്യമാധ്യമങ്ങൾ അതിശക്തമായ സ്വാധീനം ചെലുത്തുന്ന ഈ കാലത്തും പത്രങ്ങളുടെ പ്രാധാന്യം ഒട്ടും കുറഞ്ഞിട്ടില്ല. ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(iv) നിങ്ങൾക്കു മധ്യവേനലവധിക്കാലത്തു ഒരു മൃഗസംരക്ഷണ കേന്ദ്രം സന്ദർശിക്കാനും അവിടുത്തെ മൃഗങ്ങളെ പരിചരിക്കാനുമുള്ള അവസരം ലഭിച്ചു എന്നു കരുതുക. അവിടുത്തെ അനുഭവങ്ങളും അതിലൂടെ ലഭിച്ച അറിവുകളും വിവരിക്കുക.

(v) ഗ്രാമത്തിന്റെ ശാലീനതയും ഐശ്വര്യവും നിലനിർത്തിക്കൊണ്ടുള്ള വികസനമായിരിക്കണം ഗ്രാമ വികസനം. ചർച്ച ചെയ്യുക.

(vi) താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി ഒരു സ്വതന്ത്ര കഥ എഴുതുക.

(a) അപ്രതീക്ഷിതമായ സന്ദർശനം

(b) തലനാരിഴയ്ക്ക് രക്ഷപ്പെടുക

**Question 2**

**Read the passage given below carefully and answer the questions that follow using your own words in Malayalam.**

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക.**

ഇന്ന് നമ്മുടെ ശ്രദ്ധ അധികസമയവും നമ്മളിലല്ല. നമ്മുടെ മനസ്സും ബുദ്ധിയും സദാ ലോകകാര്യങ്ങളിൽ വ്യാപരിക്കുകയാണ്. അതുകൊണ്ടുതന്നെ നമ്മുടെ തെറ്റുകളേയും കുറ്റങ്ങളേയും പറ്റി ശരിയായ ബോധമില്ല. നമ്മുടെ ജീവിതത്തിൽ എത്രയോ പ്രശ്നങ്ങളുണ്ട്. അവയ്ക്കു പരിഹാരം തേടുന്നതിനേക്കാൾ അവയുടെ ഉത്തരവാദിത്വം മറ്റുള്ളവരിൽ ആരോപിക്കുന്നതിലും അവരുടെ കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിലുമാണ് നമ്മൾ ശ്രദ്ധിക്കുന്നത്.

മറ്റുള്ളവരുടെ നിസ്സാരമായ തെറ്റുകൾപോലും നമ്മൾ ക്ഷമിക്കാൻ തയാറാക്കുന്നില്ല. അതുകൊണ്ടു അവരും നമ്മളോടു പ്രതികൂല മനോഭാവം പുലർത്തുന്നു. ഇങ്ങനെ പരസ്പരം ദ്രോഹിക്കുന്നതിലൂടെ നമ്മൾ ദുഃഖങ്ങൾ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

ശരിയായ അവബോധമുണ്ടെങ്കിൽ നമ്മുടെ തെറ്റുകളും കുറ്റങ്ങളും തിരിച്ചറിയാനും തെറ്റായ ചിന്തകളെയും വികാരങ്ങളെയും നിയന്ത്രിക്കാനും നമ്മുക്കുകഴിയും അവബോധമെന്നാൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ശ്രദ്ധപുലർത്തുക എന്നാണർത്ഥം. ക്രോധം, അസൂയ തുടങ്ങിയവയെ നിയന്ത്രിക്കാനും അലസത, അക്ഷമ, അത്യാഗ്രഹം തുടങ്ങിയവയെ ഒഴിവാക്കാനും അവബോധം കൊണ്ട് സാധിക്കും.

ഒരു വൃദ്ധ ബസ്സിൽ യാത്ര ചെയ്യുകയായിരുന്നു. ഒരു സ്റ്റോപ്പിൽവെച്ച് അഹങ്കാരിയായ ഒരു ചെറുപ്പക്കാരി കുറെ ബാഗുകളുമായി ബസ്സിൽ കയറി. അവർ ആ ബാഗുകളെല്ലാം വൃദ്ധയുടെ മുന്നിൽ വെച്ച് അടുത്തസീറ്റിൽ ഇരുന്നു. വൃദ്ധയ്ക്ക് കാൽവയ്ക്കാനുള്ള സ്ഥലംപോലുമില്ലായിരുന്നു. പക്ഷേ, അവർ ഒരു പരാതിയും പറയാതെ ശാന്തയായി ഇരുന്നു. ഇറങ്ങാനുള്ള സ്റ്റോപ്പ് എത്തിയപ്പോൾ അവർ എണീറ്റു. ഇതെല്ലാം ശ്രദ്ധിച്ചിരുന്ന മറ്റൊരു യാത്രക്കാരി അവരോടുചോദിച്ചു, ''ആ ചെറുപ്പക്കാരി നിങ്ങളെ ഇത്രയും ബുദ്ധിമുട്ടിച്ചിട്ടും എന്തേ നിങ്ങൾ പരാതിയൊന്നും പറഞ്ഞില്ല.'' വൃദ്ധ പുഞ്ചിരിയോടെ പറഞ്ഞു. ''സഹോദരീ, ഇങ്ങനെയുള്ള ചെറിയ കാര്യങ്ങൾക്കു വേണ്ടി നമ്മുടെ മനഃശാന്തി കളയണോ ? എന്റെ യാത്ര ഈ സ്റ്റോപ്പിൽ തീരും. ഞാൻ ദേഷ്യപ്പെട്ടിരുന്നെങ്കിൽ ആ തരംഗങ്ങളുമായിട്ടായിരിക്കും ഞാൻ വീട്ടിലേക്കു മടങ്ങുന്നത്. എന്റെ മക്കളോടും മരുമക്കളോടും ഞാൻ ദേഷ്യം കാണിച്ചു എന്നു വരാം. നമ്മുടെ ജീവിതയാത്ര വളരെ ചെറുതാണ്. മറ്റുള്ളവരോടു പൊരുത്തപ്പെട്ട് മുന്നോട്ടു പോകാൻ കഴിഞ്ഞാൽ നമുക്കുതന്നെയാണ് അതിന്റെ ഗുണം.''

ഈ കഥയുടെ സാരം അധർമ്മത്തോടു വിട്ടുവീഴ്ച ചെയ്തു ജീവിതത്തിൽ മുന്നോട്ടുപോണം എന്നല്ല. മറിച്ച് ആത്മനിയന്ത്രണമുണ്ടെങ്കിൽ നമുക്കും മറ്റുള്ളവർക്കും ഒരുപോലെ പ്രയോജനമുണ്ടാകും എന്നാണ്. പ്രതികൂല സാഹചര്യങ്ങളിൽ നമ്മൾ നിയന്ത്രണം പാലിച്ചാൽ നമ്മുടെ ആ നല്ല മാതൃക മറ്റുള്ളവരിലും മാറ്റമുണ്ടാക്കാം.

ജയവും പരാജയവും മാനവും അപമാനവുമെല്ലാം ജീവിതത്തിൽ ഒഴിവാക്കാനാകാത്തതാണെന്ന് തിരിച്ചറിഞ്ഞ് മനസ്സിനെ ശാന്തമാക്കണം. ക്ഷമിക്കുക, മാപ്പുകൊടുക്കുക എന്നൊക്കെപ്പറഞ്ഞാൽ നമ്മൾ വെറും ഒരു 'ചവിട്ടി'യായിത്തീരുകയില്ലേ; അതു തെറ്റു ചെയ്യുന്നവർക്കു പ്രോത്സാഹനമാകില്ലേ എന്ന് ചിലർ ചോദിച്ചേക്കാം. അങ്ങനെയല്ല, ക്ഷമിക്കുന്നവനും ക്ഷമിക്കപ്പെടുന്നവനും ജീവിതത്തിൽ മുന്നേറാൻ സാധിക്കുന്ന സാഹചര്യം ഒരുക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. ക്ഷമ ദുർബലതയല്ല. മറിച്ച് നമ്മുടെ നല്ല സംസ്കാരത്തെ ഉണർത്തിക്കൊണ്ട് വരുന്നതിന് ക്ഷമയ്ക്ക് സാധിക്കും ആവശ്യമായ ഘട്ടങ്ങളിൽ അധർമ്മത്തിനെതിരെ പ്രതികരിക്കുകതന്നെവേണം. പക്ഷേ നമ്മളെ സംബന്ധിച്ച് ഏറ്റവും പ്രധാനം നമ്മുടെ മനസ്സിന്റെ ശാന്തിയും സമാധാനവും നിലനിർത്തുക എന്നതാണ്.

ക്ഷമ നമ്മുടെ ശരീരത്തിലും മനസ്സിലും നമ്മുടെ കർമ്മങ്ങളിലും ജീവതത്തിലുള്ള സ്ഥാനമാനങ്ങളിലും കൂടുതൽ ഗുണങ്ങൾ നൽകും. അതു നമ്മുടെ മനസ്സിനെ ശുദ്ധീകരിക്കും. ക്ഷമ സ്വീകരിക്കുന്ന വ്യക്തിയേക്കാൾ ക്ഷമിക്കുന്ന വ്യക്തികൾക്കാണ് കൂടുതൽ ഗുണംനൽകുന്നത്. നമ്മുടെ സമ്മർദ്ദം കുറയ്ക്കാനും പകയും വിദ്വേഷവും ഒഴിവാക്കി മാനസ്സികോല്ലാസം വർദ്ധിപ്പിക്കാനും ക്ഷമയ്ക്കുകഴിയും.

ക്ഷമ ഏറ്റവും ശക്തമായ ഒരു കവചമാണ്. മനസ്സിനെ നമ്മുടെ കയ്യിൽ നിർത്താനുള്ള ഒരു ഉപായമാണ്. ക്ഷമിക്കാനുള്ള ശക്തി നാം ഓരോരുത്തരും ആർജ്ജിക്കുകതന്നെ വേണം.

**ചോദ്യങ്ങൾ :-**

(i) ഇന്നു നമ്മുടെ ശ്രദ്ധപതിയുന്നത് ഏതിലാണെന്നും അതുമൂലം നമുക്കുണ്ടാകുന്ന പ്രശ്നങ്ങൾ എന്താണെന്നും വിശദമാക്കുക. **[3]**

(ii) ബസ്സിൽ യാത്ര ചെയ്ത വൃദ്ധയുടെ അനുഭവം വിവരിച്ച്, അതുനൽകുന്ന സന്ദേശം വ്യക്തമാക്കുക. **[3]**

(iii) മറ്റുള്ളവരോടു ക്ഷമിക്കാൻ ശീലിക്കുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങളെപ്പറ്റി വിവരിക്കുക. **[3]**

(iv) മുകളിൽ കൊടുത്തിരിക്കുന്ന ഗദ്യഭാഗത്തിൽ നിന്നും ഉത്തരങ്ങൾ കണ്ടെത്തുക. [1]

(a) മനസ്സിനെ ശരിയായി നിയന്ത്രിക്കുക എന്നർത്ഥം വരുന്ന പദം ഏത് ?

(1) മനനിയന്ത്രണം

(2) ആത്മസാക്ഷാത്കാരം

(3) ആത്മബലി

(4) ആത്മനിയന്ത്രണം

(b) തെറ്റുകളും കുറ്റങ്ങളും ഇതിന്റെ ഒറ്റപ്പദം ഏത് ? [1]

(1) തെറ്റുകുറ്റം

(2) തെറ്റു കുറ്റങ്ങൾ

(3) തെറ്റായ കുറ്റങ്ങൾ

(4) തെറ്റും കുറ്റവും

(c) ശരിയായ പദം ഏത് ? [1]

(1) മനഃശ്ശാന്തി

(2) മനോശ്ശാന്തി

(3) മനഃശാന്തി

(4) മനോശാന്തി

(v) ശരിയായ ഉത്തരങ്ങൾ എഴുതുക

(a) നമ്മുടെ പ്രശ്നങ്ങളുടെ ഉത്തരവാദിത്വം മറ്റുള്ളവരിൽ ആരോപിക്കുന്നു എന്നതിലെ സൂചന എന്ത് ? [1]

(1) സ്വന്തം ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുന്നു

(2) മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നു

(3) മറ്റുള്ളവരിലെ നന്മ കാണുന്നില്ല

(4) അന്യരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നു

(b) താഴെക്കൊടുത്തിരിക്കുന്നവയിൽ ക്ഷമയ്ക്കു ചേരുന്ന ഏറ്റവും നല്ല വിശേഷണം ഏത് ? [1]

(1) ക്ഷമ നേട്ടങ്ങൾ മാത്രം കൊണ്ടുവരും

(2) ക്ഷമ മനസ്സിനു ശക്തിനൽകും

(3) ക്ഷമ ഏറ്റവും ശക്തമായ ഒരു കവചമാണ്

(4) ക്ഷമ ശക്തമായ ഒരു വികാരമാണ്

(c) 'അവബോധം' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ? **[1]**

(1) തെറ്റായ ചിന്തകളെ കണ്ടെത്തുക

(2) തെറ്റായ തീരുമാനങ്ങൾ എടുക്കാതിരിക്കുക

(3) അറിയേണ്ടകാര്യങ്ങൾ അറിയുക

(4) ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ശ്രദ്ധപുലർത്തുക

**Question 3**

**(A) Answer the following questions as per the instructions given.**

**താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം എഴുതുക.**

(i) താഴെക്കൊടുത്തിരിക്കുന്ന തെറ്റായ പ്രസ്താവന തിരുത്തിയെഴുതുക. **[1]**

മലയാള സാഹിത്യത്തിൽ കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി കുഞ്ചൻ നമ്പ്യാരും തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി എഴുത്തച്ഛനും അറിയപ്പെടുന്നു.

(ii) ഉചിതമായ പദം ചേർത്തു വാക്യം പൂർത്തിയാക്കുക **[1]**

കുമാരനാശാൻ ___________ എഴുതാതെയാണ് മഹാകവിയായത്.

(iii) താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ശരിയായ രൂപം ഏത് ? **[1]**

(a) കുട്ടികൾ നിശ്ശബ്ദരായി ഇരിക്കുകയോ അല്ലെങ്കിൽ ക്ലാസ്സിൽ നിന്ന് പുറത്തുപോവുകയോ ചെയ്യണമെന്ന് അധ്യാപകൻ വീണ്ടും വീണ്ടും ആവർത്തിച്ചു നിർദ്ദേശിച്ചു.

(b) കുട്ടികൾ ശബ്ദമുണ്ടാക്കാതെ നിശ്ശബ്ദരായി ഇരിക്കണമെന്നും അല്ലെങ്കിൽ ക്ലാസ്സിൽ നിന്ന് പുറത്തുപോവുകയോ ചെയ്യണമെന്ന് അധ്യാപകൻ ആവർത്തിച്ചു നിർദ്ദേശിച്ചു.

(c) കുട്ടികൾ നിശ്ശബ്ദരായി ഇരിക്കുകയോ ക്ലാസ്സിൽ നിന്ന് പുറത്തുപോവുകയോ ചെയ്യണമെന്ന് അധ്യാപകൻ ആവർത്തിച്ചു നിർദ്ദേശിച്ചു.

(d) കുട്ടികൾ നിശ്ശബ്ദരായി ഇരിക്കുകയോ ക്ലാസ്സിൽ നിന്ന് പുറത്തുപോവുകയോ ചെയ്യണമെന്ന് അധ്യാപകൻ വീണ്ടും ആവർത്തിച്ചു നിർദ്ദേശിച്ചു.

(iv) ശരിയായ പദം ഏത് ? [1]

(a) വൃശ്ചികം

(b) വൃശ്ചിഗം

(c) വൃച്ചികം

(d) വൃച്ഛികം

(v) ഒറ്റപ്പദം എഴുതുക [1]

അഭിമാനത്തോടുകൂടി

(a) അഭിമാനി

(b) സാഭിമാനം

(c) അഭിമാനം

(d) സാഭിമാനി

**(B) Use the idioms in the sentence as per the instructions given.**

**തന്നിരിക്കുന്ന ശൈലികൾ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രയോഗിക്കുക.**

(i) താഴെക്കൊടുത്തിരിക്കുന്ന ശൈലി ഉപയോഗിച്ച് ഒരു വാക്യം നിർമ്മിക്കുക. [1]

അരണ ബുദ്ധി

(ii) ഉചിതമായ ശൈലി ചേർത്ത് വാക്യം പൂർത്തിയാക്കുക. [1]

തന്റെ അഭിപ്രായത്തെ പ്രതിപക്ഷം __________ എതിർക്കുന്നത് വ്യക്തിവിരോധത്തിന്റെ പേരിലാണെന്ന് നേതാവ് പ്രസ്താവിച്ചു.

(a) മുതലക്കണ്ണീർ

(b) ഒളിയമ്പ്

(c) നഖശിഖാന്തം

(d) ഇരുതലമൂരി

(iii) താഴെക്കൊടുത്തിരിക്കുന്ന ശൈലിയുടെ അർത്ഥം എഴുതുക. [1]

കേസരിയോഗം

(a) കഷ്ടകാലം

(b) നല്ലകാലം

(c) ദുഃഖകാലം

(d) സമാധാന കാലം

(C) **Use the proverbs in the sentences as per the instructions given :**

**തന്നിരിക്കുന്ന പഴഞ്ചൊല്ലുകൾ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രയോഗിക്കുക.**

(i) താഴെക്കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലിന്റെ ആശയം എടുത്തെഴുതുക.

ഉണ്ടചോറിൽ കല്ലിടുക [1]

(a) ഉപകാരംചെയ്യരുത്

(b) ഉപകാരംചെയ്തവരെ ദ്രോഹിക്കരുത്

(c) കഷ്ടകാലത്തിനു ഒരു നല്ല കാലം വരും

(d) ഉപകാരംചെയ്തിട്ടു ദുഃഖിക്കരുത്

(ii) താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പഴഞ്ചൊല്ല് ഏത് ? [1]

(a) സ്വരം മോശമാകുമ്പോൾ പാട്ട് നിർത്തണം

(b) പുകഞ്ഞ കൊള്ളി അകത്ത്

(c) വേലി തന്നെ വിളവ് തിന്നുക

(d) കാര്യംകാണാൻ ആരുടെ കാലും പിടിക്കാം

## SECTION - B
## (LITERATURE - 40 MARKS)

***Answer four questions from this section on any three out of the four prescribed textbooks.***

***നിർദ്ദേശിച്ചിരിക്കുന്ന നാലു പാഠപുസ്തകത്തിൽ ഏതെങ്കിലും മൂന്നെണ്ണത്തിൽ നിന്ന് നാലു ചോദ്യത്തിനു ഉത്തരം എഴുതുക.***

## ഗദ്യകൈരളി (GADYAKAIRALI)

**Question 4**

അവരുടെ നെറുകയിൽ കൈവച്ച് അനുഗ്രഹിക്കുമ്പോൾ ഗുരുജിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

(i) ഗുരുവിന്റെ തൊണ്ട ഇടറി - എപ്പോൾ ? [1]

(ii) തന്റെ ശിഷ്യന്മാരെപ്പറ്റി ഗുരുവിന് മനസ്സിലായത് എന്ത് ? [2]

(iii) തനിക്കു തൃപ്തിയായെന്നു ഗുരു പറഞ്ഞ സന്ദർഭം വിവരിക്കുക. [2]

(iv) തന്റെ ശിഷ്യന്മാരെ അനുഗ്രഹിച്ച് യാത്രയാക്കിയപ്പോൾ ഗുരുവിന്റെ കണ്ണുകളിൽ അശ്രുപൊടിയാൻ കാരണമെന്ത് ? [5]

**Question 5** **[10]**

ഈ സമൂഹം കാലങ്ങളായി പുലർത്തിപ്പോന്ന ചില കപടബോധങ്ങളുടെ നേർക്കുള്ള ഒരു തുറന്നുപറച്ചിലാണ് അഷിതയുടെ കല്ലുവെച്ച നുണകൾ. വിശകലനം ചെയ്യുക.

**Question 6** **[10]**

ദാരിദ്ര്യവും പട്ടിണിയും നിറഞ്ഞ ഒരു കാലഘട്ടത്തിന്റെ ഓർമ്മപ്പെടുത്തലാണ് 'കള്ളൻ' എന്ന കഥ. വിശകലനം ചെയ്യുക.

## കാവ്യാഞ്ജലി (KAVYANJALI)

**Question 7**

ഉന്നിദ്രം തഴയ്ക്കുമീ-
ത്താഴ്‌വര പോലൊന്നുണ്ടോ
തന്നെപ്പോലൊരാനയ്ക്കു
തിരിയാൻ വേറിട്ടിടം ?

ചോദ്യങ്ങൾ -

(i) സംഘമായിരുന്നവർ ചൊല്ലിയതെന്ത് ? **[1]**

(ii) സഹ്യപർവതത്തിന്റെ ലാവണ്യകൂട്ടങ്ങൾ പോലെ കാണപ്പെട്ടത് എന്ത് ? **[2]**

(iii) മത്തഗജത്തിന്റെ കൊമ്പുകൾ വെമ്പിയതെന്തിനു വേണ്ടി ? **[2]**

(iv) മത്ത ഗജം സങ്കൽപ്പലോകത്തിലൂടെ സഞ്ചരിച്ചതെങ്ങനെ ? **[5]**

**Question 8** **[10]**

ദൃഢാനുരാഗം കൊണ്ട് ഉച്ചനീചത്വങ്ങളെ ഭേദിച്ച് ഒന്നാകാൻ കൊതിച്ചവരാണ് പൂവും വണ്ടും. അവരുടെ പ്രണയം സഫലമാകുന്നില്ല. ആശാൻ കൃതികളിലെ ഭഗ്നപ്രണയം വീണപൂവിനെ ആസ്പദമാക്കി വിവരിക്കുക.

**Question 9** **[10]**

കാടിന്റെ വിളി എന്ന കവിത നൽകുന്ന സന്ദേശത്തെപ്പറ്റി വിവരിക്കുക.

---

## അസുരവിത്ത് (ASURAVITH)

**Question 10**

അതിൽപ്പിന്നെ പഴക്കമേറിയ ഈ ഭിത്തിക്കുള്ളിൽ ഒതുങ്ങിക്കൂടുകയാണ് കുഞ്ഞോപ്പോൾ.

(i) കുഞ്ഞോപ്പോൾക്കു വിവാഹാലോചന കൊണ്ടുവന്നതാര് ? വിശദമാക്കുക. **[1]**

(ii) അതു വലിയ ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഭവമായിരുന്നു ? ഏത് ? **[2]**

(iii) അകത്തും പുറത്തും വർണ്ണനകൾ ആയിരുന്നു. വിശദമാക്കുക. **[2]**

(iv) ''ഞാനൊരു കഷണം കയർ ചെലവാക്ക്വല്ലേഭേദം കുട്ട്യേ.'' വിശദമാക്കുക. **[5]**

**Question 11** **[10]**

ഗോവിന്ദൻകുട്ടി അബ്ദുള്ളയായി മാറിയ ജീവിത സാഹചര്യങ്ങൾ വിവരിക്കുക.

**Question 12** **[10]**

പ്രതീക്ഷകളുടെ ഭാരംപേറിയുള്ള കഠിനാധ്വാനം, വീടിനെപ്പറ്റിയുള്ള സ്വപ്നങ്ങൾ, അപ്രതീക്ഷിതമായുണ്ടായ മരണം, അതിന്റെ കാരണങ്ങളെപ്പറ്റിയുള്ള ജനസംസാരം എം.ടി.യുടെ അസാധാരണമായ പ്രതിഭാവിലാസം അറുമുഖനെന്ന കഥാപാത്രത്തിൽ കാണാം. വിശകലനം ചെയ്യുക.

## ആ മനുഷ്യൻ നീ തന്നെ (AA MANUSHYAN NEE THANNE)

**Question 13**

ആദ്യമെല്ലാം ഞാനെന്റെ അസ്വസ്ഥത ശത്രുരക്തത്തിൽ മുക്കിക്കൊന്നു. എത്രകാലം കശാപ്പുകൊണ്ട് ആത്മശാന്തി നേടും.

(i) അതിഥികളോടു സംസാരിക്കുന്നതിൽ തെറ്റില്ലെന്നു ദാവീദ് പറയുന്ന സന്ദർഭം ഏത് ? **[1]**

(ii) ''അഭിനയിക്കണമെന്ന് തനിക്കുമോഹമില്ല'' - ബത്ത്ശേബ അങ്ങനെ പറയാൻ കാരണമെന്ത് ? **[2]**

(iii) ഒഴുക്കിനെതിരെ നീന്താൻ ശക്തിയില്ലെന്നു ദാവീദ് പറയുന്ന സന്ദർഭം വിവരിക്കുക. [2]

(iv) നാം മണലാര്യത്തിന്റെ മധ്യത്തിലെ ഏകാകികൾ അല്ല. സന്ദർഭവും ആശയവും വിവരിക്കുക. [5]

**Question 14** [10]

എന്റെ പ്രഥമ ചുമതല എന്റെ പാപത്തോടുള്ളതാണ് എന്ന ദാവീദിന്റെ തിരിച്ചറിവിലേക്ക് അദ്ദേഹത്തെ നയിച്ച സംഭവ പരമ്പരകൾ വിവരിക്കുക.

**Question 15** [10]

''ആ മനുഷ്യൻ നീ തന്നെ''. എന്ന നാടകം നൽകുന്ന സന്ദേശമെന്ത് ? വിവരിക്കുക.

21000069 21000069 21000069

SEAL